# ജനാധികാരത്തിന്റെ സാധ്യതകൾ

**പുതിയ സർക്കാർ ഓരോ മേഖലയിലും കൈക്കൊള്ളുന്ന നയങ്ങൾ/നടപടികൾ/ പദ്ധതികൾ തുടങ്ങിയവയെ സംബന്ധിച്ച് പൊതുസമൂഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടാകേണ്ടതാണ്. നിർഭാഗ്യവശാൽ നിലവിലുള്ള വികസനരീതികളെ അനുകൂലിക്കുന്ന രാഷ്ട്രീയ പാർട്ടികളും വ്യത്യസ്ത നിലപാടുകളുള്ള ചില സാമൂഹിക/പാരിസ്ഥിതിക സംഘടനകളും വ്യക്തികളും മാത്രമാണ് ഇക്കാര്യം ചിന്തിക്കുന്നത്. പൊതുസമൂഹം എന്ന നിലയിൽ നാടിന്റെ നിലനിൽപ്പിനും പുരോഗതിക്കുമായി നമ്മൾ നടത്തേണ്ട ചർച്ചകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുന്നു എസ്.പി. രവി**

## ജനപങ്കാളിത്തമുള്ള ഭരണം

**വികസനത്തിന്റെ** പേരിൽ വരുന്ന വൻകിട പദ്ധതികൾ മിക്കതും കടുത്ത എതിർപ്പുകളും വിവാദങ്ങളും സൃഷ്ടിക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ. എതിർപ്പുകളെ തുടർന്ന് ചില പദ്ധതികൾ ഉപേക്ഷിക്കപ്പെടുമ്പോൾ, എതിർപ്പുകളെ അടിച്ചമർത്തി നടപ്പാക്കുന്നവ സമൂഹത്തിൽ അസ്വസ്ഥതയുടെ വിത്തുകൾ പാകുന്നു. ഇന്നു തുടർന്നുവരുന്ന വികസനരീതികൾ മനുഷ്യസമൂഹത്തിന്റെ; ഭൂമിയുടെ തന്നെ നിലനില്പിനു ഭീഷണിയാവുകയാണെന്ന് ശാസ്ത്രസമൂഹവും ലോകരാഷ്ട്രങ്ങളും തിരിച്ചറിഞ്ഞുകഴിഞ്ഞു. ഇന്നലത്തെ തെറ്റുകളാവർത്തിക്കാതെ, നാളത്തെ ശരികൾ കണ്ടെത്തി, പൊതുസമൂഹത്തിനും പ്രകൃതിക്കും ഇണങ്ങുന്ന രീതിയിൽ നാടിന്റെ പുരോഗതി ഉറപ്പുവരുത്തുക എന്നതായിരിക്കും വരാനിരിക്കുന്ന ഭരണകൂടങ്ങൾ നേരിടേണ്ടിവരുന്ന പ്രധാനവെല്ലുവിളി. വോട്ടുചെയ്യുന്നതിനപ്പുറമുള്ള പൗരധർമ്മം തിരിച്ചറിയുന്ന പൊതുസമൂഹവും യഥാർത്ഥ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന ഭരണകൂടവും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ ഈ വെല്ലുവിളി നേരിടാനാകൂ.

ത്രിതല പഞ്ചായത്തുകളുടെ ഉത്തരവാദിത്വങ്ങളും അധികാരങ്ങളും വർദ്ധിച്ചതോടെ സംസ്ഥാനസർക്കാരിന്റെ ചുമതലകൾ കുറഞ്ഞിരിക്കുകയാണ്. അതിനാൽ തന്നെ ചെറിയ മന്ത്രിസഭയും അനുബന്ധ ഉദ്യോഗസ്ഥ സംവിധാനവും മാത്രമേ സംസ്ഥാനതലത്തിൽ ആവശ്യമുള്ളൂ.

പരസ്പരസംബന്ധിതമായ വകുപ്പുകൾ ഒന്നാക്കുകയോ ഒന്നിച്ചു കൈകാര്യം ചെയ്യുകയോ ചെയ്യേണ്ടതാണ്. പ്രകൃതിവിഭവങ്ങൾക്കായി ഒരു വകുപ്പുണ്ടെ

ങ്കിൽ വനം, ജലം, തുടങ്ങിയ മേഖലകൾ അതിനുള്ളിൽ വരാവുന്നതാണ്. ഈ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. കൃഷിയും ഭക്ഷ്യവും ചേർന്ന് രൂപീകരിക്കുന്ന വകുപ്പ്. ആഭ്യന്തരവും നിയമവും ഒരുമിച്ച് കൈകാര്യം ചെയ്യപ്പെടേണ്ടതല്ലേ? ഊർജ്ജവകുപ്പിൻ കീഴിൽ വൈദ്യുതിയും ഗതാഗതവും കൈകാര്യം ചെയ്യാനാകുമോ?

ജനപ്രതിനിധികൾ നിയമനിർമ്മാണസഭയിലും മറ്റു ഫോറങ്ങളിലും ജനങ്ങളുടെ പൊതുവായ അഭിപ്രായങ്ങളും താൽപര്യങ്ങളും പ്രതിഫലിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്താവുന്ന ഔദ്യോഗിക സംവിധാനങ്ങളെക്കുറിച്ച് ചിന്തിക്കാനാകുമോ? മെച്ചപ്പെട്ട ഭരണസംവിധാനത്തിനായി ചർച്ച ചെയ്യപ്പെടാവുന്ന നിരവധി കാര്യങ്ങളിൽ ചിലത് സൂചിപ്പിക്കുക മാത്രമാണിവിടെ.



**കൃഷി അധിഷ്ഠിത/ പരമ്പരാഗത മേഖലകൾക്ക് പ്രാമുഖ്യമുള്ള, മലിനീകരണം സൃഷ്ടിക്കാത്ത ചെറുകിട വ്യവസായങ്ങളാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. കാരികാധ്വാനമുള്ള, അസംഘടിത മേഖലകളിലെ തൊഴിലുകൾ മേശമായി കാണുന്ന തൊഴിൽ സംസ്കാരമാണല്ലോ അന്യ സംസ്ഥാനതൊഴിലാളികളെ വലിയ തോതിൽ കേരളത്തിലെത്തിച്ചുകൊണ്ടിരിക്കുന്നത്. ഇത് സാമൂഹിക/ സാംസ്കാരികമേഖലകളിൽ ഉയർത്തുന്ന വെല്ലുവിളികൾ തിരിച്ചറിയപ്പെടണം.**

**1.** മാവേലിനാടായില്ലെങ്കിലും ക്വട്ടേഷൻ, ഗുണ്ടാ-മാഫിയ സംഘങ്ങളില്ലാത്ത, സ്ത്രീ-പുരുഷ ഭേദമെന്യേ ഏതു പാതിരാത്രിയിലും ഒറ്റയ്ക്ക് പോലും പുറത്തിറങ്ങാൻ കഴിയുന്ന, അനീതികൾ കണ്ടാൽ അതിനെതിരെ ധൈര്യമായി പ്രതികരിക്കാൻ കഴിയുന്ന ക്രമസമാധാനപാലനമാണ് ആഭ്യന്തരവകുപ്പിൽ നിന്നും പ്രതീക്ഷിക്കേണ്ടത്.

**2.** സംസ്ഥാനത്തിനാവശ്യമായ സുരക്ഷിതമായ ഭക്ഷണം പരമാവധി ഇവിടെതന്നെ ഉത്പാദിപ്പിക്കാൻ ശ്രമിക്കുന്ന ഭക്ഷ്യകാർഷികവകുപ്പാണ് നമുക്ക് വേണ്ടത്.

**3.** കാലാവസ്ഥാ വ്യതിയാനത്തിന്റെയും മറ്റു പാരിസ്ഥിതിക പ്രശ്നങ്ങളുടെയും പ്രത്യാഘാതങ്ങളെങ്കിലും ചെറുക്കാൻ കഴിയുന്ന പ്രകൃതിവിഭവ പരിപാലനനയം ആവശ്യമാണ്.

**4.** മുകളിൽ പറഞ്ഞ രണ്ടുമേഖലകൾക്ക് പ്രഥമപരിഗണന നൽകുന്ന വിനിയോഗനയം ഉണ്ടാകണം.

**5.** കൃഷി അധിഷ്ഠിത/ പരമ്പരാഗത മേഖലകൾക്ക് പ്രാമുഖ്യമുള്ള, മലിനീകരണം സൃഷ്ടിക്കാത്ത ചെറുകിട വ്യവസായങ്ങളാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. കായികാധ്വാനമുള്ള, അസംഘടിത മേഖലകളിലെ തൊഴിലുകൾ മേശമായി കാണുന്ന തൊഴിൽ സംസ്കാരമാണല്ലോ അന്യ സംസ്ഥാനതൊഴിലാളികളെ വലിയ തോതിൽ കേരളത്തിലെത്തിച്ചുകൊണ്ടിരിക്കുന്നത്. ഇത് സാമൂഹിക/ സാംസ്കാരിക മേഖലകളിൽ ഉയർത്തുന്ന വെല്ലുവിളികൾ തിരിച്ചറിയപ്പെടണം.

**6.** പൊതുവിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നതും മാനവിക വിഷയങ്ങളുടെ മാന്യത വീണ്ടെടുക്കുന്നതുമായിരിക്കണം വിദ്യാഭ്യാസനയം.

**7.** റെയിൽവേയ്ക്ക് പ്രാധാന്യമുള്ള പൊതുഗതാഗതസംവിധാനത്തിനു മുൻഗണന നൽകുന്ന ഗതാഗതനയം വേണം. നാടുമുഴുവൻ റോഡുണ്ടാക്കുന്ന പ്രവണത നിർത്തിയേ പറ്റൂ.

**8.** വൈദ്യുതിസംരക്ഷണത്തിനും, വിശിഷ്യ ധൂർത്ത് പൂർണ്ണമായി ഒഴിവാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായിരിക്കണം മുൻഗണന. പുതിയ വൻകിട പദ്ധതികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുകയും മറ്റു സാധ്യതകൾ വിശദമായി പരിശോധിക്കപ്പെടുകയും വേണം.

**9.** നദികളുടെയും മറ്റു ജലാശയങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തണം. നദികളുടെ വൃഷ്ടിപ്രദേശങ്ങളുടെ സംരക്ഷണത്തിലൂടെ വേനൽക്കാല സ്വാഭാവിക നീരൊഴുക്ക് വർദ്ധിപ്പിക്കണം. ജലമലിനീകരണം പൂർണ്ണമായി തടയപ്പെടണം.

**10.** എല്ലാ ചികിത്സാരീതികൾക്കും തുല്യപ്രാധാന്യം നൽകുന്നതും രോഗനിവാരണത്തിനപ്പുറം ആരോഗ്യസംരക്ഷണത്തിനു മുൻഗണന നൽകുന്നതുമായ ആരോഗ്യനയം വേണം. ഈ മേഖലയിലെ ഭീകരമായ കച്ചവടവത്കരണം തടയപ്പെടണം.

**11.** ആദിവാസി, ദലിത് സമൂഹങ്ങളുടെ തനത് സംസ്കാരവും അറിവുകളും മാനിക്കപ്പെടുകയും അവരുടെ ആത്മാഭിമാനം വീണ്ടെടുക്കുകയും ചെയ്യുന്ന നിലപാടുകളാണാവശ്യം.

ചില മേഖലകളെ സംബന്ധിച്ച ചില ചിന്തകൾ കുറിക്കുക മാത്രമാണിവിടെ ചെയ്തത്. ഓരോ മേഖലയെയും സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവരികയും അത് സംസ്ഥാന സർക്കാരിനും എം.എൽ.എ.മാർക്കും എത്തിച്ച് തുടർ ചർച്ചകൾക്ക് വഴിയൊരുങ്ങുമെന്ന് പ്രത്യാശിക്കാം.